I/143255/2023

LSGD/JD/IDK/3184/2023-C8

തദ്ദേശ സ്വയംഭരണ വകുപ്പ്
ജോയിൻറ് ഡയറക്ടറുടെ കാര്യാലയം,

ഇടുക്കി.പൈനാവ്. തിയതി 25.11.2023

ഫോൺ- 04862-295011

ഇമെയിൽ -jdisgdidk@gmail.com

**<u>ക്വട്ടേഷൻ / ലേല നോട്ടീസ്</u>**

ഇടുക്കി പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടറുടെ ഉടമസ്ഥതയിലുള്ളതും കരിങ്കുന്നം ഗ്രാമപഞ്ചായത്ത് ഓഫീസ് പരിസരത്ത് സൂക്ഷിച്ചിട്ടുള്ളതുമായ KL-06-8167 നമ്പർ റോഡ് റോളർ കൊട്ടേഷൻ/ലേലം ചെയ്തു വിൽക്കുന്നതിന് തീരുമാനിച്ചിരിക്കുന്നു. ഇടുക്കി തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിൻറ് ഡയറക്ടർ ഓഫീസിൽ വച്ച് നടത്തുന്ന പരസ്യ ലേലത്തിൽ ജി എസ് ടി രജിസ്ട്രേഷൻ ഉള്ള വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും പങ്കെടുക്കാവുന്നതും കൂടുതൽ തുക ലേലം കൊള്ളുന്ന/കൊട്ടേഷൻ സമർപ്പിക്കുന്ന വ്യക്തിയുടെ/സ്ഥാപനത്തിൻറെ പേരിൽ ലേലം ഉറപ്പിക്കുന്നതുമായിരിക്കും. ലേലത്തിന് ആവശ്യമായ നിരത ദ്രവ്യ തുകയായ 3750/- രൂപ തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിൻറ് ഡയറക്ടറുടെ വിലാസത്തിൽ ഡിഡി ആയോ പണമായോ ലേലം ആരംഭിക്കുന്നതിന് മുമ്പായി കെട്ടിവയ്ക്കേണ്ടതാണ്. ലേലം കൊള്ളുന്നയാൾ/സ്ഥാപനം ലേലം ഉറപ്പിച്ച ഉടൻ തന്നെ 18% നികുതി ഉൾപ്പെടെയുള്ള ലേല തുക മുഴുവനായും കെട്ടിവയ്ക്കേണ്ടതാണ്. കൊട്ടേഷൻ സമർപ്പിക്കുന്നവർ നിശ്ചിത നിരത ദ്രവ്യം ഉള്ളടക്കം ചെയ്ത് ആലേഖനം ചെയ്ത കവറിൽ ലേല തീയതിയുടെ തലേദിവസം ഉച്ചകഴിഞ്ഞ് മൂന്ന മണിക്കകം ഈ ഓഫീസിൽ ലഭിക്കത്തക്ക രീതിയിൽ നേരിട്ട് /തപാൽ മുഖേനയോ സമർപ്പിക്കേണ്ടതാണ്. ലേലം പൂർത്തിയായലുടൻ കൊട്ടേഷൻ തുറക്കുന്നതും കൂടുതൽ തുകയ്ക്ക് കൊട്ടേഷൻ സമർപ്പിച്ച /ലേലം വിളിച്ച ആളുടെ പേർക്ക് കൊട്ടേഷൻ/ലേലം ഉറപ്പിക്കുന്നതുമാണ്. കൊട്ടേഷൻ / ലേലം കൊള്ളുന്നയാൾ വാഹനം തൻറെ പേരിലേക്ക് സ്വന്തം ഉത്തരവാദിത്വത്തിൽ മാറ്റി 15 ദിവസത്തിനുള്ളിൽ ലേല വസ്തു നീക്കം ചെയ്യേണ്ടതാണ്. അല്ലാത്ത പക്ഷം ആയവ പുനർ ലേലത്തിന് വിധേയമാക്കുന്നതും ആയതിന് വേണ്ടിവരുന്ന ചെലവും നഷ്ടമുണ്ടാകുന്ന പക്ഷം ആയതും കൊട്ടേഷൻ /ലേലം കൊള്ളുന്നയാളിൽ/സ്ഥാപനത്തിൽ നിന്നും ഈടാക്കുന്നതുമായിരിക്കും. കൊട്ടേഷൻ /ലേലം പൂർണ്ണമായോ ഭാഗികമായോ അംഗീകരിക്കുന്നതിനും നിരസിക്കുന്നതിനുമുള്ള അധികാരം ഇടുക്കി തദ്ദേശ സ്വയം ഭരണവകുപ്പ് ജോയിൻറ് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും. സർക്കാർ കൊട്ടേഷൻ/ലേലത്തിനുള്ള എല്ലാ നിബന്ധനകളും ടി കൊട്ടേഷൻ/ലേലത്തിന് ബാധകമായിരിക്കുന്നതാണ്. കൊട്ടേഷൻ /ലേലം സംബന്ധിച്ച കൂടുതൽ വിവരങ്ങൾ അറിയുന്നതിന് എല്ലാ പ്രവർത്തി ദിവസങ്ങളിലും ഓഫീസ് സമയത്ത് (രാവിലെ 10.00 മണി മുതൽ 5.00 മണി വരെ ) സൗകര്യമുണ്ടായിരിക്കുന്നതാണ്.

**<u>ലേലം ചെയ്യുന്ന വാഹനത്തിൻറെ വിവരങ്ങൾ</u>**

| | |
|---|---|
| രജിസ്ട്രേഷൻ നമ്പർ | - KL06-8167 |
| മോഡൽ | - 1994 |
| ബേസിക് ഓക്ഷൻ വാല്യൂ | - 1,50,000/+18% GST |
| ഇ എം ഡി | - 3750/- |

ലേലം നടത്തുന്ന തീയതിയും സ്ഥലവും സമയവും - 20/12/2023-11.30 AM-

തദ്ദേശ സ്വയംഭരണ വകുപ്പ്

ജോയിൻറ് ഡയറക്ടറുടെ കാര്യാലയം,

ഇടുക്കി. പൈനാവ്.

ലേലത്തിൽ പങ്കെടുക്കുന്നവർ 20/12/2023 - 10.30നകം നിരത ദ്രവ്യം അടയ്ക്കേണ്ടതാണ്.

കൊട്ടേഷൻ സമർപ്പിക്കേണ്ട അവസാന തീയതിയും സമയവും 19/12/2023 - 3PM

ലേല വസ്തു സൂക്ഷിച്ചിട്ടുള്ള സ്ഥലം കരിങ്കുന്നം ഗ്രാമപഞ്ചായത്ത് പരിസരം

I/143255/2023

**<u>ലേല വ്യവസ്ഥകൾ</u>**

1 ജി എസ് റ്റി രജിസ്റ്റ്റേഷൻ ഉള്ള വ്യക്തികളോ സ്ഥാപനങ്ങളോ മാത്രമേ ലേലത്തിൽ പങ്കെടുക്കുവാൻ പാടുള്ളൂ.

2 ലേലത്തിൽ പങ്കെടുക്കുന്നവർ അംഗീകൃത തിരിച്ചറിയൽ രേഖയുടെ പകർപ്പ് ഹാജരാക്കേണ്ടതാണ്..

3. നിരത ദ്രവ്യം അടക്കാത്തവരെ ലേലത്തിൽ പങ്കെടുക്കുവാൻ അനുവദിക്കുന്നതല്ല.

4. ഏറ്റവും കൂടുതൽ തുക വിളിക്കുന്ന/ കൊട്ടേഷൻ സമർപ്പിക്കുന്ന ആളിന്റെ/ സ്ഥാപനത്തിൻറെ പേരിൽ ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതും ജോയിൻറ് ഡയറക്ടറുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ലേലം സ്ഥിരപ്പെടുത്തുന്നതുമാണ്.

5. ക്വട്ടേഷൻ/ലേലം തക്കതായ കാരണത്താൽ മാറ്റിവെക്കുന്നതിനോ നിർത്തിവയ്ക്കുന്നതിനോ ലേലം നടത്തുന്ന ആൾക്ക് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്..

6.. കൊട്ടേഷൻ/ലേലം സംബന്ധമായ കൂടുതൽ വിവരങ്ങൾ ഈ ഓഫീസിൽ നിന്നും പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ വൈകിട്ട് 5 മണി വരെ അറിയാവുന്നതാണ്.

7. കൊട്ടേഷൻ ലേലം ഉറപ്പിച്ച് കിട്ടുന്നയാൾ/സ്ഥാപനം 200 രൂപ വിലയുള്ള മുദ്രപത്രത്തിൽ പഞ്ചായത്ത് ജോയിൻറ് ഡയറക്ടറുമായി കരാറിൽ ഏർപ്പെടേണ്ടതാണ്.

8. കൊട്ടേഷൻ /ലേലം അംഗീകരിച്ചതിനുശേഷം ടി വസ്തു കൊട്ടേഷൻ/ലേലം കൊണ്ടയാൾ/ സ്ഥാപനം സ്വന്തം ചെലവിൽ 15 ദിവസത്തിനകം നീക്കം ചെയ്യേണ്ടതാണ്.

9. മേൽ വ്യവസ്ഥകൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്നവരുടെ ലേലാവകാശം യാതൊരു മുന്നറിയിപ്പും കൂടാതെ റദ്ദ് ചെയ്യുന്നതും ആയതുമൂലം ഉണ്ടാകുന്ന നഷ്ടം ടി വ്യക്തിയിൽ /സ്ഥാപനത്തിൽ നിന്നും ഈടാക്കുന്നതും ആണ് .

10. ലേലത്തിൽ പങ്കെടുക്കുന്നവർ കരിങ്കുന്നം ഗ്രാമപഞ്ചായത്ത് പരിസരത്ത് സൂക്ഷിച്ചിട്ടുള്ള ലേലവസ്തു നേരിൽ കണ്ട് ബോധ്യപ്പെടേണ്ടതാണ് .

ജോയിൻറ് ഡയറക്ടർ

തദ്ദേശസ്വയംഭരണ വകുപ്പ്, ഇടുക്കി

<u>പകർപ്പ് -</u> ഓഫീസ് നോട്ടീസ് ബോർഡ്

Signed by
Kuriakose K V
Date: 04-12-2023 14:35:21